Department of Industries & Commerce
Government of Kerala

ONDC
Open Network for Digital Commerce

INTER-DEPARTMENTAL WORKSHOP

June 24, 2026, 10.30 AM

Hotel Residency Tower,
Thiruvananthapuram

REPORT

Directorate of Industries & Commerce

K-bip
Kerala Bureau of Industrial Promotion











ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒ.എൻ.ഡി.സി) ശൃംഖല ഫലപ്രദമായി നടപ്പാക്കുന്നതിലൂടെ കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും ഇടനിലക്കാരില്ലാതെ നേരിട്ട് ആഗോള വിപണിയിലെത്തിക്കാൻ സാധിക്കുമെന്ന് ബഹു. വ്യവസായ, വാണിജ്യ, ഐടി, എ.ഐ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി. ഇത് സംരംഭകർക്ക് കൂടുതൽ ലാഭം നൽകുമെന്നും പുതിയ വിപണി സാധ്യതകൾ തുറന്നുകൊടുക്കുമെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന വ്യവസായ - വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തെ ഹോട്ടൽ റെസിഡൻസി ടവറിൽ 2026 ജൂൺ 24ന് സംഘടിപ്പിച്ച ഒ.എൻ.ഡി.സി ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിന്റെ റീട്ടെയിൽ, ടൂറിസം, ഗതാഗത മേഖലകളിൽ ഒ.എൻ.ഡി.സി വിപ്ലവകരമായ മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്നും ബഹു. മന്ത്രി വ്യക്തമാക്കി.

ഡിജിറ്റൽ വാണിജ്യ മേഖലയെ ജനാധിപത്യവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഒ.എൻ.ഡി.സി പ്രവർത്തിച്ചുവരുന്നത്. കേരളത്തിൽ ഇത് സുഗമമായ നടപ്പാക്കുന്നതിനാവശ്യമായ റോഡ്മാപ് തയ്യാറാക്കുന്നതിനും വിവിധ വകുപ്പുകൾക്കിടയിലെ ഏകോപനം ശക്തിപ്പെടുത്തുന്നതിനുമായാണ് ശില്പശാല സംഘടിപ്പിച്ചത്.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ശ്രീ. അരുൺ കെ. വിജയൻ ഐഎഎസ് സ്വാഗതം ആശംസിച്ചു. ശ്രീ. അജിത്കുമാർ കെ. (എക്സിക്യൂട്ടീവ് ചെയർമാൻ, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ), ശ്രീ. സന്തോഷ് കോശി തോമസ് (മാനേജിംഗ് ഡയറക്ടർ, കിൻഫ്ര), ശ്രീ. സൂരജ് എസ്. (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെബിപ്), ശ്രീ. എ. നിസാറുദ്ദീൻ (സംസ്ഥാന പ്രസിഡന്റ്, കെ.എസ്.എസ്.ഐ.എ.), ശ്രീ. സന്തോഷ് കുമാർ (വൈസ് ചെയർമാൻ, സി.ഐ.ഐ. കേരള), ശ്രീ. രാജീവ് ജി.(അഡീഷണൽ ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്) തുടങ്ങിയവർ പരിപാടിയിൽ സംബന്ധിച്ചു.

ഉദ്ഘാടന സെഷന് ശേഷം ഒ.എൻ.ഡി.സി പ്രതിനിധികളായ കുമാരി. തമന്ന ശർമ്മ (പ്രോഗ്രാം മാനേജർ, സ്റ്റേറ്റ് എൻഗേജ്മെന്റ്സ്), ശ്രീ. പ്രവീൺ ചൗധരി (വൈസ് പ്രസിഡന്റ്, റീട്ടെയിൽ), ശ്രീ. കാർത്തിക് പ്രഭു (വൈസ് പ്രസിഡന്റ്, ടൂറിസം), ശ്രീ. ശ്രീനിവാസ് ബണ്ഡാരി (വൈസ് പ്രസിഡന്റ്, ട്രാൻസ്പോർട്ട്) എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ സാങ്കേതിക സെഷനുകളും ചർച്ചകളും നടന്നു.